# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന ലക്ഷ്യം ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുക എന്നതാണ്. ഇതിൻറെ ഭാഗമായി ഓരോ കുട്ടിയുടെയും അറിവും കഴിവും തനത് പ്രായ ഘട്ടത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്ത പ്രകാരവും ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. അക്കാദമികമായി ഇക്കാര്യങ്ങൾ ഉറപ്പാക്കാൻ എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷവുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയു. ഇങ്ങനെ ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക മാസ്റ്റർ പ്ലാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് സ്ഥാപന പരമായ പ്രധാന രേഖയാണ്.

2025-26 അധ്യായന വർഷം സമഗ്ര ഗുണമേന്മ വർഷമായി പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിൻറെ ഭാഗമായി ചെറുപുഷ്പ യുപി സ്കൂളിൽ കുട്ടികളുടെ സമഗ്ര വളർച്ച ലക്ഷ്യം വെച്ചു കൊണ്ടുള്ള വിവിധങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്തു. അക്കാദമിക വളർച്ചയോടൊപ്പം കുട്ടികളിൽ സാമൂഹ്യബോധവും വ്യക്തിബോധവും വളർത്തുക എന്ന ലക്ഷ്യത്തോടുകൂടി പഠനത്തോടൊപ്പം പാഠ്യേതര വിഷയങ്ങളിലും സാമൂഹിക വളർച്ചയ്ക്ക് ഉതകുന്ന തരത്തിലുള്ള വിഷയങ്ങളിലും ഉള്ള അവബോധം സൃഷ്ടിക്കുന്ന തരത്തിലുള്ള പാഠ്യപദ്ധതിയാണ് ഈ വർഷം വിഭാവനം ചെയ്യുന്നത്.

2025- 26 അധ്യായനവർഷത്തിൽ ചെറുപുഷ്പ യു. പി സ്കൂളിന്റ സമഗ്ര വളർച്ചയ്ക്ക് വേണ്ടി പ്രയത്നിക്കുന്നതിനായി സദാസന്നദ്ധരായ ഒരു പ്രധാന അധ്യാപികയും 8 സ്ഥിര അധ്യാപികമാരും ഒരു താൽക്കാലിക അധ്യാപികയും ഒരു ഓഫീസ് സ്റ്റാഫും അടങ്ങുന്ന ടീം ഉണ്ട്

# ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽതികച്ചുംസൗജന്യമായ വിദ്യാഭ്യാസം സമസ്ത ജന വിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

2. അക്കാദമിക മികവിന് ഉതകുന്ന വിധത്തിൽ ദീർഘകാല ലക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

3. ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയ അടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

4. അധ്യാപനവും അധ്യായനവും രസകരമാക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപീകരിക്കൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനപിന്തുണയ്ക്ക് ആവശ്യമായ പ്രവർത്തനങ്ങൾ രൂപീകരിക്കൽ.

| മേഖല യു.പി. മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഭാഷാ പരിജ്ഞാനം വികസിപ്പിക്കൽ | മലയാളം എഴുതാനും വായിക്കാനും ബുദ്ധിമുട്ട് അനുഭവപ്പെടുന്ന കുട്ടികൾക്ക് എല്ലാദിവസവും പ്രത്യേകമായ രീതികൾ അവലംബിച്ചുള്ള ഭാഷാ പഠനം | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം | എഴുത്തും വായനയും | ജൂൺ | മലയാളം അധ്യാപകർ | |
| അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുന്നു | പത്രവായന<br>ലൈബ്രറി പുസ്തക വായന | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| പൊതു അറിവ് വികസിപ്പിക്കൽ | ദിവസേന പത്രത്തിൽ വരുന്ന പ്രധാന സംഭവങ്ങൾ വായിച്ച പുസ്തകങ്ങൾ എന്നിവയുടെ അടിസ്ഥാനത്തി ലും മലയാളം ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തിയും ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു | ഓരോ മാസവും | ചുമതല മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| കലാവാസനയെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂളിൽ അവതരിപ്പിക്കാൻ അവസരം നൽകൽ | ഓരോ മാസവും | മലയാളം അധ്യാപകർ | |
| കുട്ടികളിൽ വായനാശീലം വളർത്തൽ | വായനാബെൽ | ഓരോ മാസവും | മലയാളം അധ്യാപകർ | |
| എഴുത്തും വായനയും പ്രോത്സാഹിപ്പിക്കൽ | എല്ലാദിവസവും രാവിലെ അരമണിക്കൂർ എല്ലാ കുട്ടികൾക്കും അവർക്ക് ഇഷ്ടമുള്ള പുസ്തകം വായിക്കാനുള്ള അവസരം ഒരുക്കൽ | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| എഴുത്തും വായനയും പ്രോത്സാഹിപ്പിക്കൽ | വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി രചന മത്സരങ്ങൾ സംഘടിപ്പിക്കൽ | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | • **Follow me if you can** ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| | • **Short Film Show** ഇംഗ്ലീഷ് ഷോർട്ട് ഫിലിംസ് ഡൗൺലോഡ് ചെയ്ത് കാണിക്കുന്നു, ശരിയായി ഉച്ചാരണം ശ്രവിക്കാൻ അവസരം ഒരുക്കുന്നു. | മാസത്തിൽ ഒന്ന്. | ഇംഗ്ലീഷ് അധ്യാപകൻ | |
| 2. ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | • **I Too Can** വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ നൽകുന്നു.തെറ്റുകൂടാതെ വായിക്കാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണം ആയതിലേക്ക്). | മാസത്തിൽ ഒന്ന്. | ഇംഗ്ലീഷ് അധ്യാപകൻ | |
| | • **Vocabulary hunt** വായന കാർഡിലെ പുതിയ പദങ്ങൾ കണ്ടെത്താൻ അവസരം നൽകുന്നു. | മാസത്തിൽ ഒന്ന്. | ഇംഗ്ലീഷ് അധ്യാപകൻ | |
| | • **Reader's Theatre** വ്യത്യസ്തമായ കഥകൾ റേഡിയോ | ടേമിൽ ഒരു തവണ. | ഇംഗ്ലീഷ് അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| 3. തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്ന ു.<br><br>4. ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | ഡ്രാമ രൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br><br>• **English magazine** കുട്ടികളുടെ കലാസൃഷ്ടികൾ ഉൾപ്പെടുത്തി ഇംഗ്ലീഷിൽ മാഗസിൻ തയ്യാറാക്കുന്നു.<br><br>• **English Assembly** അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു<br><br>• **English Fest** ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് ഇംഗ്ലീഷിൽ വിവിധതരം പരിപാടികൾ നടത്താൻ അവസരം നൽകുന്നു. | വർഷാവസാനം<br><br>മാസത്തിൽ ഒന്ന്<br><br>വർഷാവസാനം | ഇംഗ്ലീഷ് ടീച്ചർ<br><br>ഇംഗ്ലീഷ് ടീച്ചർ<br><br>ഇംഗ്ലീഷ് ടീച്ചർ, ഇംഗ്ലീഷ് ക്ലബ്. | |

## മേഖല : അക്കാദമികം    ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 5,6,7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും പ്രാപ്തരാക്കുക.പഠന പ്രശ്നങ്ങൾ നേരിടുന്നകുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് ഹിന്ദി ബാലസാഹിത്യമാസികൾ നൽകി വായന പ്രോത്സാഹിപ്പിക്കുന്നു. ഹിന്ദി ദിനചാരണമായി ബന്ധപെട്ടു ഹിന്ദി അസംബ്ലി നടത്തുന്നു. | ജൂൺ രണ്ടാം വാരം | 5,6,7 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ്ച,മാസം (ദിവസവും നോട്ട്ബുക്കിൽ എഴുതുന്നതിനു മുൻപായി ഹിന്ദിയിൽ തിയതി,മാസം ഹിന്ദിയിൽ എഴുതിക്കുക ) | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 4 | 5 ലെ പുതിയ കുട്ടികൾക്കായി പ്രത്യേകം അക്ഷര പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം. | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദി അസംബ്ലി നടത്തുന്നു. ഹിന്ദി കവിതലാപനം, കവിത രചന,പ്രസംഗം കുട്ടികൾക്ക് പരിശീലനം നൽകുന്നു. (ദിനചാരങ്ങൾ, കലോത്സവ പരിശീലനം) | ദിനാചരണവ ുമായി ബന്ധപ്പെട്ട് | 5,6,7 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക.സുഗമ ഹിന്ദി പരീക്ഷക്ക് 5,6,7 ക്ലാസ്സിലെ കുട്ടികൾക്ക് പരിശീലനം നൽകുന്നു. | ജനുവരി | 5,6,7 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, വീഡിയോ കാണിക്കുന്നു. | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി പഠനം രസകരമാക്കാൻ<br>. *സുരീലി ഹിന്ദി ഗാനങ്ങൾ കേൾപ്പിക്കുന്നു.<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 10 | ● AI യുടെ സഹായത്തോടെ പാഠഭാഗങ്ങൾ (കഥാപാത്രങ്ങളുടെ സംഭാഷണം | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ , | |

| | | | | | |
|---|---|---|---|---|---|
| | | | | ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |

## മേഖല യുപി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | • മുന്നറിവ് പരിശോധിക്കുന്നതിൻറെ ഭാഗമായി സാമൂഹ്യ ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങൾ ഉൾപ്പെടുത്തി ക്ലാസ് തല ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>• പാഠഭാഗവുമായി ബന്ധപ്പെട്ട വൺ വേർഡ് ചോദ്യങ്ങൾ അടങ്ങിയ പതിപ്പ് തയ്യാറാക്കാൻ ആരംഭിക്കുന്നു.<br>• വിവിധ മാപ്പുകൾ ഉപയോഗിച്ച് ഭൂഖണ്ഡങ്ങൾ ഇന്ത്യൻ സംസ്ഥാനങ്ങൾ ജില്ലകൾ എന്നിവയിലുള്ള അറിവുകൾ ഉറപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപ കർ. |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കുക | • പ്രകടനപത്രിക, ബാലറ്റ് പേപ്പർ, പ്രചാരണം തുടങ്ങി പാർലമെന്റ് ഇലക്ഷൻ മാതൃകയിൽ സ്കൂൾ ഇലക്ഷൻ സംഘടിപ്പിക്കുന്നു.<br>• ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| വിവിധ മാപ്പുകൾ ഉപയോഗിച്ച് ഭൂഖണ്ഡങ്ങൾ ഇന്ത്യൻ സംസ്ഥാനങ്ങൾ ജില്ലകൾ എന്നിവയിലുള്ള അറിവുകൾ ഉറപ്പിക്കുന്നു. | • കാലാവസ്ഥ പ്രതിഭാസങ്ങൾ മനസ്സിലാക്കുന്നതിന് പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന് മനുഷ്യജീവിതം ചിട്ടപ്പെടുത്തുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന്.<br>• വിവിധ കാലാവസ്ഥ പ്രതിഭാസങ്ങൾ വ്യക്തമാക്കുന്നതിനായി ക്ലാസ് മുറികളിൽ ന്യൂസ് റിപ്പോർട്ടിംഗ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>• മനുഷ്യൻറെ പരിണാമ ചരിത്രം ചിത്രങ്ങളിലൂടെ ആൽബം തയ്യാറാക്കൽ. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| ഇന്ത്യ ചരിത്രത്തിലെ മഹത് വ്യക്തികളെ പരിചയപ്പെടുത്തുന്നതിനും മനസ്സിലാക്കുന്നതിനും | • ഇന്ത്യ ചരിത്രത്തിലെ മഹത് വ്യക്തികളെ പരിചയപ്പെടുന്നതിനായി പിക്ചർ ആൽബം തയ്യാറാക്കുന്നു.<br>• കുട്ടികളുടെ അവകാശങ്ങളെ കുറിച്ച് ബോധവൽക്കരിക്കുന്നതിനായി പ്ലക്കാർഡ് നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ ശാസ്ത്ര അധാപ കർ. |
| ഗതാഗത നിയമങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിന്<br><br>മാനവ വിഭവ ശേഷി വികസനവുമായി ബന്ധപ്പെട്ട ആശയങ്ങൾ വളർത്തുന്നതിന് | • ഗതാഗത വാർത്ത വിനിമയ രംഗത്തെ വളർച്ചയുടെ ചരിത്രം സൂചിപ്പിക്കുന്ന വീഡിയോ പ്രദർശനം.<br>• റോഡ് നിയമങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനായി റോഡ് സുരക്ഷാ നിയമങ്ങളുടെയും ചിഹ്നങ്ങളുടെയും പ്ലക്കാർഡ് നിർമ്മാണവും പ്രദർശനവും | അക്കാദമിക വർഷം | സാമൂഹ ശാസ്ത്ര അധാപ കർ. |
| കുടുംബ ബജറ്റ് തയ്യാറാക്കുന്നതിലൂടെ സാമ്പത്തിക ഭദ്രത എങ്ങനെ ഉറപ്പാക്കാം എന്ന് തിരിച്ചറിയുന്നതിന് | • ബജറ്റ് തയ്യാറാക്കൽ കുടുംബത്തിന്റെ വരവ് ചെലവ് കണക്കുകളെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായി കുടുംബ ബജറ്റ് തയ്യാറാക്കി അവലോകനം ചെയ്യുന്നു | അക്കാദമിക വർഷം | സാമൂഹ ശാസ്ത്ര അധാപ കർ. |

<table>
<tr><th colspan="4">അടിസ്ഥാന ശാസ്ത്രം</th></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td><td>ചുമതല</td></tr>
<tr><td>*വിദ്യാർഥികളിൽ ശാസ്ത്രാഭിരുചി വളർത്തുക.</td><td>*കുട്ടികളിൽ ശാസ്ത്രാഭിരുചി ഉണർത്താനുള്ള പ്രവർത്തനങ്ങൾ ക്ലാസ്സ് മുറികളിൽ ആരംഭിക്കുന്നു (പരീക്ഷണ-നിരീക്ഷണങ്ങൾ)<br><br>*ശാസ്ത്ര കിറ്റ് നിർമ്മാണം<br><br>*ശാസ്ത്ര താല്പര്യമുള്ള കുട്ടികളെ ഉൾപ്പെടുത്തി ശാസ്ത്ര ക്ലബ് രൂപീകരണം.<br><br>*പത്രങ്ങളിൽ നിന്നും ശാസ്ത്ര വാർത്തകൾ ശേഖരിച്ചു ശാസ്ത്ര ബോർഡിൽ പ്രദർശ്ശിപ്പിക്കുക.<br><br>*ശാസ്ത്ര വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുന്നു.<br><br>*ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br><br>*ശാസ്ത്ര ആൽബ നിർമ്മാണം, പഠനോപകരണ നിർമ്മാണം, ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ ക്ലാസ്സ് തലത്തിൽ ചെയ്യുന്നു.<br><br>*ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചാരണങ്ങൾ നടത്തുന്നു.</td><td>ജൂൺ<br><br>ജൂൺ<br><br>ജൂൺ<br><br>2025-26<br><br>ജൂലൈ<br><br>2025-25<br><br>2025-26<br><br>2025-26</td><td>ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്ര ക്ലബ് അംഗങ്ങൾ<br><br>ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്ര അധ്യാപക</td></tr>
</table>

| | | | |
|---|---|---|---|
| | | | ർ |
| *ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക. | *സ്കൂൾ തല ശാസ്ത്ര മേള സംഘടിപ്പിക്കുന്നു.<br><br>*പരീക്ഷണ നിരീക്ഷണങ്ങൾ ക്ലാസ്സ് മുറികൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കുന്നു. | ഓഗസ്റ്റ്<br><br>2025-26 | ശാസ്ത്ര അധ്യാപകർ<br><br>ശാസ്ത്ര അധ്യാപകർ |

| | **ഗണിതം** | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പുവരുത്തുന്നു | ഗണിത ശിൽപ്പശാല- കളി രീതികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പുവരുത്തുന്നു | ജൂൺ മാസം | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ താൽപര്യം ജനിപ്പിക്കുക | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ നാല് തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് അംഗങ്ങൾ | പി.ടി.എ |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിൽ ഗണിത ലാബ് സജ്ജമാക്കുക | ആവശ്യാനുസരണം | ഗണിത അധ്യാപകരും ക്ലബ്ബ് അംഗങ്ങളും | പി.ടി.എ |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി | ആഴ്ചയിൽ ഒരു ദിവസം | ഗണിത അധ്യാപകരും മുൻനിരയിൽ | |

| | | | | |
|---|---|---|---|---|
| മുൻനിരയിലേക്ക് എത്തിക്കുന്നു | മുൻനിരയിൽ നിൽക്കുന്ന കുട്ടികളും അധ്യാപകരും ചേർന്ന് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | | നിൽക്കുന്ന കുട്ടികളും | |
| ശാസ്ത്രസാങ്കേതികവിദ്യ ഗണിതത്തിൽ പ്രയോജനപ്പെടുത്തുക. | സാധ്യമായ പാഠഭാഗങ്ങൾ ഐടിയുടെ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് എളുപ്പത്തിൽ കുട്ടികളിലേക്ക് എത്തിക്കുക | അധ്യയന വർഷം മുഴുവൻ | അധ്യാപകർ | |
| ഗണിതശാസ്ത്രമേളയ്ക്കായി കുട്ടികളെ ഒരുക്കുക. | ഗണിത ശില്പശാല | ഒക്ടോബർ | പ്രാവീണ്യമുള്ള അധ്യാപകൻ | പി.ടി.എ |
| NuMaTs, USS പോലെയുള്ള മത്സര പരീക്ഷകൾക്കായി കുട്ടികളെ ഒരുക്കുക. | ഒബ്ജക്റ്റീവ് ടൈപ്പ് ക്വസ്റ്റ്യൻ ബാങ്ക് നിർമ്മിക്കുക. മുൻവർഷത്തെ ചോദ്യപേപ്പറുകൾ | ജൂൺ-ഫെബ്രുവരി | അധ്യാപകരും കുട്ടികളും | |

| | | | | |
|---|---|---|---|---|
| | പരിശീലിക്കുന്നു. | | | |

# ഉർദു അക്കാദമിക്ക്
# മാസ്റ്റർ പ്ലാൻ- 2025-26

## യു പി. തലം

**School:**..........................................................................................................................................

**Name of the Urdu Teacher:**..........................................................

KUTA MLAPPURAM SUB DISTRICT COMMITEE

# ആമുഖം

ഇന്ത്യയിൽ ജനിച്ച, ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഘഡീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്.ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടെയും കവിതകളുടെയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

........ .................................................................സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

**പൊതു ലക്ഷ്യങ്ങൾ**

- ഉർദു ഭാഷ പഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ ആക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
- ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | **പഠോം ആഗെ ബഢോം** ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചര ണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 2 | **മേരെ അൽഫാസ്** ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർ ദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർ ത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | വളർത്തുന്നതിനം വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമണം ,വായന കാർഡ് നിർമാണം | | | | |
| 3 | **e-ദുനിയ** ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർ ഷം | ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺ സിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2500 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 5 | **ഖസാന-എ ഇൽമ്** പൊതുവിജ്ഞാനം | പൊതുവായതും ഉർ ദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 200 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 6 | മുശാഇറ | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനം സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനം മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 7 | **ഹം മിലേം** ഉർദുക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 8 | ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 6000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 9 | ഉർദുദിനം | ടാലന്റ് മീറ്റ്<br>അക്ഷര മരം<br>ഭാഷാ സെമിനാർ<br>എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 10 | വായന ആസ്വാദനം | കുട്ടി വായന , അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ് , പുസ്തക ചർച്ച ,ക്വിസ് മത്സരം ,മെഗാ ക്വിസ്. | ഒരു വർഷം | ഉർദു ക്ലബ്ബ് | 700 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| | തലാഷ് | പ്രാദേശിക പഠന യാത്രകൾ | | | | എച്ച്.എം, |

| | | | | | | |
|---|---|---|---|---|---|---|
| 11 | | സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | സബ്ജക്ട് കൗൺസിൽ |
| 12 | ദിനാചാരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 13 | തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 14 | **ഉർദു കെ മോത്തിയാം** ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

## സംസ്കൃതം

## അക്കാഡമിക് മാസ്റ്റർപ്ലാൻ

## ക്ലാസ് – 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | പിന്തുണ |
|---|---|---|---|
| **1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം**<br><br>**U P തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ** | **1. ഭാഷാജ്ഞാനം**<br><br>• അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• അക്ഷരമാല കളികൾ<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക | ജൂൺ - ഓഗസ്റ്റ് | സംസ്കൃതം അധ്യാപിക |
| | **2. പറയാം പഠിക്കാം**<br><br>• .ചിത്രങ്ങളുടെ പേര് പറയൽ<br>• ചിത്രകഥകൾ<br>• ലഘു സംഭാഷണങ്ങൾ<br>• നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ - ജൂലൈ | |
| **2. വീട് ഒരു പരീക്ഷണശാല**<br><br>**( കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പറയുക)** | • വീട്ടിൽഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക ആദ്യം മലയാളത്തിൽ തയ്യാറാക്കുക, അതിനുശേഷം അതിന്റെ സംസ്കൃതപദങ്ങൾ കണ്ടെത്തുന്നു.<br><br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം ഒരുക്കുന്നു. | സെപ്റ്റംബർ - ഒക്ടോബർ | |
| **3. വായനാലോകം**<br><br>**(കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരുന്നതിന്)** | • ഓരോ സംസ്കൃതം പിരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുന്നു.<br><br>• തിരഞ്ഞെടുത്ത ലളിതമായ പുസ്തകങ്ങൾ ചിത്രകഥകൾ തുടങ്ങിയവ കുട്ടികൾക്ക് വായിക്കാൻ കൊടുക്കുന്നു. | 6 മാസം | |
| **4. സംസ്കൃത ഭാഷയെ ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾ** | • സംസ്കൃതം ക്ലബ്ബ് രൂപീകരണം, ക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ .<br><br>• സംസ്കൃതം അസംബ്ലി ( സംസ്കൃത ദിനത്തോടനുബന്ധിച്ച് സംസ്കൃതം ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികൾ തന്നെ സംസ്കൃതം അസംബ്ലി നടത്തുന്നു).<br><br>• സംസ്കൃത കലോത്സവത്തിൽ വിവിധ മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കൽ. | ജൂൺ - മാർച്ച് | |